**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :5076 22.05.2017-ൽ മറുപടിയ്ക്ക്

ഇക്കാ നഗറിൽ ബിനു പാപ്പച്ചൻ കയ്യേറിയ സ്ഥലം ഒഴിപ്പിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കെ.ഡി.എച്ച് വില്ലേജിൽ മൂന്നാർ ഇക്കാ നഗറിൽ സർവ്വേ നമ്പർ 62/9 ൽ വരുന്ന സർക്കാർ സ്ഥലം ബിനു പാപ്പച്ചൻ എന്നയാൾ കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) ദേവികുളം താലൂക്കിലെ കെ.ഡി.എച്ച് വില്ലേജിലെ സർവ്വെ നമ്പർ 62/9-ൽപ്പെട്ടതും റവന്യൂ രേഖകൾ പ്രകാരം പൊതുമരാമത്ത് വകുപ്പ് വകയായതുമായ 07 സെന്റ് സ്ഥലം ശ്രീ.ബിനു പാപ്പച്ചന്റെ മാതാവായ ശ്രീമതി മിനി പാപ്പച്ചൻ അനധികൃതമായി കൈയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) ഈ സ്ഥലം ഒഴിപ്പിക്കണമെന്ന് ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു? | (ബി) ശ്രീ.ബിനു പാപ്പച്ചനും കുടുംബാംഗങ്ങളും കയ്യേറിയ സ്ഥലങ്ങൾ പതിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് ടിയാനും മറ്റുള്ളവരും ചേർന്ന് ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് ഹർജികളിൽ അപേക്ഷകരെ നേരിൽ കേട്ട് അധികാരസ്ഥനായ ഉദ്യോഗസ്ഥൻ ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണെന്ന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ കളക്ടർ ഇവരെ നേരിൽ കേൾക്കുകയും ബന്ധപ്പെട്ട റവന്യൂ രേഖകൾ പരിശോധിക്കുകയും ചെയ്തു. കെ.ഡി.എച്ച് നിയമങ്ങളും ചട്ടങ്ങളും പ്രകാരം പ്രസ്തുത സ്ഥലം പതിച്ചു നൽകുന്നതിന് ആവശ്യമായ അർഹത |

ടിയാന്മാർക്ക് ഇല്ലായെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഭൂമി പതിവിനുള്ള അപേക്ഷ ജില്ലാ കളക്ടർ നിരസിച്ച് ഉത്തരവായി. ഈ ഉത്തരവിനെതിരായി ശ്രീ.ബിനു പാപ്പച്ചൻ ബഹു.ഹൈക്കോടതിയിൽ വീണ്ടും റിട്ട് ഹർജി ഫയൽ ചെയ്തുവെങ്കിലും ജില്ലാ കളക്ടറുടെ ഉത്തരവിനെതിരായി സ്റ്റാറ്റ്യൂട്ടറി അപ്പീൽ ഫയൽ ചെയ്യാവുന്നതാണെന്ന് നിരീക്ഷിച്ച് കോടതി ടി റിട്ട് ഹർജി തീർപ്പാക്കിയിട്ടുണ്ട്. പതിവ് അപേക്ഷ നിരസിച്ചുകൊണ്ടുള്ള ഇടുക്കി ജില്ലാ കളക്ടറുടെ നടപടിക്രമത്തിനെതിരെ ശ്രീ.ബിനു പാപ്പച്ചൻ സർക്കാരിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ഈ അപ്പീൽ അപേക്ഷയിന്മേലുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനായി ടിയാൻ ബഹു.കേരള ഹൈക്കോടതിയിൽ 13147/17-ാം നമ്പരായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും, ടി കേസിലെ 11.04.2017-ലെ വിധിന്യായത്തിൽ പരാതിക്കാരനെ നേരിൽ കേട്ടശേഷം ഒരു മാസത്തിനകം അപ്പീൽ തീർപ്പാക്കാൻ സർക്കാരിന് നിർദ്ദേശം നൽകി ബഹു.ഹൈക്കോടതി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം ടിയാനെ നേരിൽ കേൾക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

Sindhya

**സെക്ഷൻ ഓഫീസർ**